ഉത്തരം

(എ) ലഭ്യമായ താല്കാലിക കണക്കുകൾ പ്രകാരം 2004-05-ലെ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം 13488.87 കോടി രൂപയാണ്.

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പളത്തിനും അലവൻസുകൾക്കുമായി 2004-2005 സാമ്പത്തിക വർഷത്തിൽ ചെലവായ തുകയുടെ വിശദാംശങ്ങൾ അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 2004-05-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ ആകെ വരുമാനം 19,415.76 കോടി രൂപയാണ്. സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളത്തിനും അലവൻസുകൾക്കുമായിട്ടുള്ള പുതുക്കിയ എസ്റ്റിമേറ്റ് 5,860.24 കോടി രൂപയുമാണ്. ഇത് ആകെ വരുമാനത്തിന്റെ 30.19 ശതമാനത്തോളമാണ്.

വിവിധ ക്ഷേമ പദ്ധതി പ്രകാരമുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാൻ നടപടി

12 [190] *ശ്രീ. മത്തായി ചാക്കോ:*
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമ പദ്ധതികളനുസരിച്ച് വിതരണം ചെയ്യേണ്ട പെൻഷൻ മാസങ്ങളായി കുടിശ്ശികയായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിവിധ ക്ഷേമ പദ്ധതികൾ പ്രകാരമുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) വിവിധ ക്ഷേമ പദ്ധതികളനുസരിച്ച് ഓരോ പെൻഷൻ പദ്ധതിക്കളിലുമായി എത്ര മാസത്തെ കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) അവ ഓരോന്നും വിതരണം ചെയ്യുന്നതിന് എന്തു തുക വീതം വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ;

(ഇ) കുടിശ്ശിക തീർത്ത് പെൻഷൻ തുക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവിധ ക്ഷേമ പദ്ധതികളനുസരിച്ച് വിതരണം ചെയ്യേണ്ട പെൻഷനുകളിൽ ചിലതിൽ കുടിശ്ശിക വന്നിട്ടുണ്ട്.

(ബി) കുടിശ്ശികയുള്ള പെൻഷനുകൾ കൊടുത്തു തീർക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) വിവിധ ക്ഷേമ പദ്ധതികൾ പ്രകാരം കുടിശ്ശികയുള്ള പെൻഷനുകൾ താഴെ പറയുന്നവയാണ്:

(1) ദേശീയ വാർദ്ധക്യകാല പെൻഷൻ 1 മാസം
(2) കർഷകത്തൊഴിലാളി പെൻഷൻ 24 മാസം
(3) ചുരുട്ടു തൊഴിലാളി പെൻഷൻ 4 മാസം

(ഡി) വിവിധ ക്ഷേമ പദ്ധതികൾ പ്രകാരം പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിലേക്ക് ആവശ്യമായി വരുന്ന തുക ഇപ്രകാരമാണ്.

(1) ദേശീയ വാർദ്ധക്യകാല പെൻഷൻ 134.28 ലക്ഷം രൂപ
(2) കർഷകത്തൊഴിലാളി പെൻഷൻ 16117.53 ലക്ഷം രൂപ
(3) ചുരുട്ടു തൊഴിലാളി പെൻഷൻ 1.85 ലക്ഷം രൂപ

(ഇ) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കുടിശ്ശികയുള്ള പെൻഷൻ വിതരണം ചെയ്യുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനസഹായം

13 |191| *ശ്രീ. എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് വൺ ടൈം ഹെൽപ്പ് എന്ന പേരിൽ എത്ര പൊതുമേഖലാസ്ഥാപനങ്ങൾക്ക് എത്ര തുക വീതം സാമ്പത്തിക സഹായം നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന് സർക്കാരിൽ നിന്ന് വൺ ടൈം ഹെൽപ്പ് ഒന്നും നൽകിയിട്ടില്ല. മറ്റു ഭരണവകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly